ബഹുമാനപ്പെട്ട അംഗം ഇവിടെ നിർദ്ദേശിച്ചതുപോലെ ഇറിഗേഷൻ വകുപ്പുമായി കൂടിയാലോചിച്ച് ആവശ്യമായ തീരുമാനം അടിയന്തിരമായി കൈക്കൊള്ളുന്നതാണ്.

(4) എൻ.ജി.ഒ. അസോസിയേഷന്റെ നേതൃത്വത്തിൽ നടത്തുന്ന സമരം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, കേരളാ എൻ.ജി.ഒ. അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നവംബർ 28-ാം തീയതി മുതൽ ഇന്നുവരെ നടക്കുന്ന സമരപ്രചരണ ജാഥയുടെ സമാപനമാണിന്ന്. പെൻഷൻപ്രായം വർദ്ധിപ്പിക്കുക, കുടിശ്ശികയായ മൂന്നു ഗഡു ക്ഷാമബത്ത അനുവദിക്കുക, ജീവനക്കാരുടെ പുനർവിന്യാസം സംഘടനകളുമായി ചർച്ചചെയ്തു നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങളാണ് ഉന്നയിക്കുന്നത്. കുടിശ്ശികയായ മൂന്നു ഗഡു ക്ഷാമബത്ത ഉടൻ അനുവദിക്കാനും മറ്റു കാര്യങ്ങളെ സംബന്ധിച്ച് അവരുമായി ചർച്ച നടത്താനും തയ്യാറാകണമെന്ന് ബഹു. മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പ്രശ്നങ്ങളോട് അനുഭാവപൂർണ്ണമായ സമീപനം കൈക്കൊള്ളുന്ന ഒരു സർക്കാരാണ് ഇന്നുള്ളത്. ഇടതുപക്ഷ ജനാധിപത്യ സർക്കാർ അധികാരമേറ്റതിനുശേഷം ജീവനക്കാരുടെയും അദ്ധ്യാപകരുടേയും സാമ്പത്തിക, സാമ്പത്തികേതര പ്രശ്നങ്ങളിലെല്ലാം അനുകൂലമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ സർക്കാർ പുനഃസ്ഥാപിച്ച ഡയസ്നോൺ റദ്ദാക്കി. സംസ്ഥാനജീവനക്കാർ സർവീസിലിരിക്കെ മരണമടഞ്ഞാൽ അവരുടെ പേരിൽ രണ്ടു ലക്ഷം രൂപ വരെയുള്ള ബാദ്ധ്യത എഴുതിത്തള്ളുന്ന പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കി. ജോലിക്കിടയിൽ ആക്രമണ സംഭവങ്ങളിലോ അല്ലാതെയോ മരണം സംഭവിച്ചാൽ ജീവനക്കാരന്റെ ആശ്രിതർക്ക് ഒന്നര ലക്ഷം രൂപ വരെയും ജോലിക്കിടയിൽ അപകടങ്ങളിൽപ്പെട്ട് അംഗഭംഗം സംഭവിച്ചാൽ അൻപതിനായിരം രൂപ വരെയും എക്സ്ഗ്രേഷ്യാ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി. ചികിൽസയ്ക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതി ഉദാരമാക്കി. സഹകാര്യ ആശുപത്രിയുടെ ചികിൽസയ്ക്കും റീ-ഇംബേഴ്സ്മെന്റ് ഏർപ്പെടുത്തി. ഭവനനിർമ്മാണ വായ്പ ഒന്നേകാൽ ലക്ഷത്തിൽ നിന്നും മുന്നേമുക്കാൽ ലക്ഷമായി വർദ്ധിപ്പിച്ചു. അഡീഷണൽ ലോൺ 30,000 രൂപയിൽ നിന്നും ഒന്നേകാൽ ലക്ഷമായും എക്സ്റ്റൻഷൻ/മെയിന്റനൻസ് വായ്പ ഒരു ലക്ഷമായും വർദ്ധിപ്പിച്ചു. മോട്ടോർ കാർ വാങ്ങുന്നതിനുള്ള വായ്പ 80,000 രൂപയിൽ നിന്നും 1,80,000 രൂപയായി വർദ്ധിപ്പിച്ചു. സ്കൂട്ടർ വാങ്ങുന്നതിനുള്ള വായ്പ 20,000 രൂപയായും മോട്ടോർ സൈക്കിൾ വാങ്ങുന്നതിനുള്ള വായ്പ 30,000 രൂപയായും വർദ്ധിപ്പിച്ചു. പാർട്ട് ടൈം ജീവനക്കാർക്ക് പെൻഷനും/ഫാമിലി പെൻഷനും ഇൻവാലിഡ് പെൻഷനും അനുവദിച്ചു. പാർട്ട് ടൈം ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ട് പദ്ധതി ആവിഷ്ക്കരിച്ചു. ക്ളാസ് IV ജീവനക്കാർക്ക് മൂപ്പത് വർഷത്തെ സർവീസിന് നാലാമതൊരു ഗ്രേഡ് അനുവദിച്ചു നൽകി. ക്ളാസ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിന് 25,000 രൂപ വരെ വായ്പ അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. പെൻഷൻ ലഭിക്കുന്നതിന് മിനിമം സർവീസ് വേണമെന്ന നിബന്ധന ഒഴിവാക്കി. മുഴുവൻ സ്ഥിരം ജീവനക്കാർക്കും പെൻഷൻ നൽകാൻ തീരുമാനിച്ചു. ഫാമിലി പെൻഷൻ ആനുകൂല്യം ജീവനക്കാരുടെ അവിവാഹിതകളായ പെൺമക്കൾക്ക് ആജീവനാന്തം അനുവദിച്ചു. ഇതിനെല്ലാമുപരി 1200 കോടിയി

LIBRARY ARCHIVES Kerala Legislative Assembly

ലേറെ രൂപയുടെ അധിക ആനുകൂല്യത്തോടെ ശമ്പള പരിഷ്കരണം നടപ്പാക്കുകയും പരിഷ്കരണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു.

ഈ സർക്കാരിൽ നിന്നും ജീവനക്കാരുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്നതിന് ഒരു പണിമുടക്ക് സമരത്തിന്റെ യാതൊരു സാഹചര്യവും ഇന്ന് നിലവിലില്ല. മേൽപ്പറഞ്ഞ ആനുകൂല്യങ്ങളൊക്കെ നൽകിയത് യാതൊരു പ്രക്ഷോഭങ്ങൾക്കും ഇടവരുത്താതെയാണ്.

ക്ഷാമബത്ത ഇന്നൊരു തർക്കപ്രശ്നമല്ല. 1967-ൽ ഇ.എം.എസ്. സർക്കാരാണ് കേന്ദ്ര ക്ഷാമബത്ത അതേ നിരക്കിൽ സംസ്ഥാന ജീവനക്കാർക്കും അനുവദിച്ചത്. എന്നാൽ, തുടർന്നു വന്ന സർക്കാരുകൾ കൂടിശ്ശികയില്ലാതെ ക്ഷാമബത്ത നൽകുന്നതിൽ വൈമുഖ്യം കാട്ടി. 1975 ലും 77ലും 78ലും ക്ഷാമബത്താ കൂടിശ്ശികയ്ക്കായി ജീവനക്കാർക്ക് അനിശ്ചിതകാല സമരത്തിലേയ്ക്കുപോകേണ്ടിവന്നു. 1982-83, 84, 85, 95 വർഷങ്ങളിലെ പണിമുടക്കുകൾക്ക് ക്ഷാമബത്ത ഒരു മുഖ്യ പ്രശ്നമായിരുന്നു. ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വരുമ്പോൾ മുൻ സർക്കാരിന്റെ കാലത്തെ രണ്ടു ഗഡു ക്ഷാമബത്ത കൂടിശ്ശികയായിരുന്നു. അതും, അതിനുശേഷം 1999 ജനുവരി വരെ കേന്ദ്രം അനുവദിച്ച എല്ലാ ഗഡുക്കളും ജീവനക്കാർക്കും അദ്ധ്യാപകർക്കും നൽകിയിട്ടുണ്ട്. ഇനി മൂന്നു ഗഡുക്കളായി നൽകാനുള്ള ഒൻപത് ശതമാനം ക്ഷാമബത്ത താമസംവിനാ അനുവദിക്കുന്നതാണ്. ഇക്കാര്യത്തിൽ ജീവനക്കാർക്ക് ആശങ്കയില്ല. ക്ഷാമബത്തയ്ക്കായി ഇപ്പോഴൊരു പണിമുടക്കിന്റെ ആവശ്യവുമില്ല.

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടേയും പെൻഷൻ പ്രായം ഉയർത്തുകയെന്നത് കേരളം പോലുള്ള ഒരു സംസ്ഥാനത്ത് ലാഘവബുദ്ധിയോടെ കൈകാര്യം ചെയ്യേണ്ട ഒരു വിഷയമല്ല. സംസ്ഥാനത്ത് നിലവിലുള്ള സാമൂഹ്യ സാഹചര്യം കൂടി കണക്കിലെടുത്തേ സർക്കാരിന് ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാനാകൂ.

ജീവനക്കാർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകുകയും അവരുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യുമ്പോൾത്തന്നെ അവരിൽ നിന്നും പൊതുജനം പ്രതീക്ഷിക്കുന്ന സേവനം ലഭ്യമാക്കാനും സർക്കാർ ബാദ്ധ്യസ്ഥമാണ്. പൊതുജനാവിൽനിന്നും വേതനം പറ്റുന്ന ഉദ്യോഗസ്ഥൻ യഥാസമയം ഓഫീസിൽ ഹാജരാകുകയും അവരിൽ അർപ്പിതമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റുകയും വേണം.

ഇപ്പോൾ ഒരു വിഭാഗം ജീവനക്കാർ നടത്താൻ പോകുന്നതായി പറയുന്ന പണിമുടക്കും ജീവനക്കാരുടെ അവകാശങ്ങൾക്കോ താൽപ്പര്യത്തിനോ വേണ്ടിയല്ലാ, പൊതുജന താൽപ്പര്യത്തിനെതിരുമാണ്. ഉത്തരവാദിത്വബോധമുള്ള ആർക്കും ഇതിനോട് യോജിക്കാനാവില്ല. അതുകൊണ്ടുതന്നെ സംസ്ഥാനത്തെ ജീവനക്കാർ ഈ പണിമുടക്ക് ആഹ്വാനം തള്ളിക്കളയുമെന്ന് സർക്കാരിന് ഉറപ്പുണ്ട്. അതിനായി അഭ്യർത്ഥിക്കുന്നു. ഗവൺമെന്റ് ചെയ്തതെല്ലാം പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly